ശബരിമല ധർമ്മശാസ്താ ക്ഷേത്രത്തിനും എരുമേലി ക്ഷേത്രത്തിനും സ്വന്തമായുള്ള ഭൂമി

71 [3797] ശ്രീ. വി. ഡി. സതീശൻ:
,, എം. മുരളി:
,, ടി. എൻ. പ്രതാപൻ:
,, പി. ജെ. ജോയി:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ധർമ്മശാസ്താ ക്ഷേത്രത്തിനും എരുമേലി ക്ഷേത്രത്തിനും എത്ര ഭൂമി സ്വന്തമായുണ്ട്;

(ബി) ശബരിമല ധർമ്മശാസ്താവിന്റെ പുങ്കാവനത്തിൻമേൽ ധർമ്മശാസ്താ ക്ഷേത്രത്തിനുള്ള അവകാശാധികാരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) സന്നിധാനത്തിന്റെയും പമ്പയുടെയും പമ്പയിൽനിന്ന് സന്നിധാനത്തിലേക്കുമുള്ള തീർത്ഥാടന പാതയുടെ വികസനത്തിന് എത്ര സ്ഥലമാണ് വേണ്ടിവരുന്നത്;

(ഡി) ഈ സ്ഥലം ലഭിക്കുന്നതിന് കഴിഞ്ഞ തീർത്ഥാടന സീസൺ അവസാനിച്ചശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) പ്രസ്തുത പാത എപ്പോൾ വികസിപ്പിക്കാമെന്നു കരുതുന്നു?

ഉത്തരം

(എ) ശബരിമല ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ 13.35 ഏക്കർ ഭൂമിയും പാട്ട വ്യവസ്ഥയിൽ 50 ഏക്കറും, എരുമേലി ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ 13.57 ഏക്കറും ഭൂമിയുണ്ട്.

(ബി) പന്തളം രാജാവിന്റെ വകയായിരുന്ന ക്ഷേത്രമുൾപ്പെടുന്ന പുങ്കാവനം പന്തളം രാജാവ് തിരുവിതാംകൂർ രാജാവിന് കൈമാറുകയും രാജാവിൽനിന്നും ആ അവകാശം തിരുവിതാംകൂർ ദേവസ്വം ബോർഡിന് സിദ്ധിച്ചിട്ടുള്ളതുമാണ്.

(സി) ശബരിമലയിലേയും പമ്പയിലേയും. പമ്പയിൽനിന്ന് ശബരിമലയിലേക്കുള്ള പാതയുടേയും വികസനത്തിന് ആകെ 500 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്.

(ഡി) പാർലമെന്റിന്റെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 500 ഹെക്ടർ വനഭൂമി അനുവദിക്കാനും പെരിയാർ ടൈഗർ റിസർവിൽനിന്നും ഈ ഭൂമി ഒഴിവാക്കി കിട്ടുവാനും തിരുവിതാംകൂർ ദേവസ്വംബോർഡ് കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. തീർത്ഥാടനകാലത്ത് പ്രസ്തുത കമ്മിറ്റി സ്ഥലം പരിശോധിച്ച് പഠനം നടത്തി അനുകൂലമായ റിപ്പോർട്ട് പാർലമെന്റിൽ സമർപ്പിക്കുകയും അതിനുശേഷം ഇതു സംബന്ധിച്ച ഔദ്യോഗിക തലത്തിലുള്ള ചർച്ചകൾ നടന്നുവരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പാത വികസിപ്പിക്കുന്നതിനുള്ള നടപടി ദേവസ്വം ബോർഡിന് സ്വീകരിക്കാൻ കഴിയുന്നതാണ്.

ശബരിമലയും സ്വാമി അയ്യപ്പന്റെ പുങ്കാവനവും പെരിയാർ വന്യമൃഗ സങ്കേതത്തിന്റെ പരിധിയിൽനിന്നൊഴിവാക്കാൻ നടപടി

72 [3798] ശ്രീ. എം. മുരളി:

,, കെ. ബാബു:

,, ടി. എൻ. പ്രതാപൻ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയും സ്വാമി അയ്യപ്പന്റെ പുങ്കാവനവും പെരിയാർ വന്യമൃഗ സങ്കേതത്തിന്റെ ഭാഗമാണോ;

(ബി) ഇത് ഒരു വന്യമൃഗസങ്കേതത്തിന്റെ ഭാഗമായി വച്ചുകൊണ്ടിരിക്കുന്നത് വന്യമൃഗസങ്കേതത്തിനും തീർത്ഥാടനകേന്ദ്രത്തിനും ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്താൻ എന്തെങ്കിലും തടസ്സമുണ്ടോ;

(സി) പുങ്കാവനവും ശബരിമലയും പെരിയാർ വന്യമൃഗസങ്കേതത്തിന്റെ കോർ ഏരിയായിലാണോ സ്ഥിതി ചെയ്യുന്നത്;

(ഡി) അല്ലാത്തപക്ഷം പുങ്കാവനത്തേയും ശബരിമലയേയും പെരിയാർ വന്യമൃഗസങ്കേതത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) പുങ്കാവനത്തേയും ശബരിമലയേയും പെരിയാർ വന്യമൃഗസങ്കേതത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കാൻ ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) അതെ.

(ബി) വികസന പ്രവർത്തനങ്ങൾക്ക് തടസ്സം അനുഭവപ്പെടുന്നുണ്ട്.

(സി) അല്ല.

(ഡി ആന്റ് ഇ) കോർ ഏരിയായിൽപ്പെടാത്തതിനാലും ആൾ സഞ്ചാരം ഉള്ളതിനാലും റോഡുകളാൽ ബന്ധപ്പെട്ട് കിടക്കുന്നതിനാലും 500 ഹെക്ടർ സ്ഥലം പെരിയാർ ടൈഗർ റിസർവ്വ് ഏരിയയിൽ നിന്നും ഒഴിവാക്കിക്കിട്ടുന്നതിന് ദേവസ്വം ബോർഡ് പാർലമെന്റിന്റെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മുഖേന കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ തീരുമാനമൊന്നുമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly